## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1953** **06.07.2015-ന് മറുപടിക്ക്**

### വിദ്യാർത്ഥികൾക്കുള്ള പരിസ്ഥിതി അവാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

.....

| | |
|---|---|
| (എ) വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം പ്രോൽസാഹിപ്പിക്കുന്നതിന് അവാർഡ് നൽകാറുണ്ടോ; എങ്കിൽ മാനദണ്ഡം വ്യക്തമാക്കുമോ; | (എ) ഉണ്ട്. കുട്ടികളിൽ പരിസ്ഥിതി അവബോധം പ്രത്സാഹിപ്പിക്കുന്നതിനായി വർഷംതോറും സംഘടിപ്പിക്കുന്ന കുട്ടികളുടെ ജൈവവൈവിധ്യ കോൺഗ്രസിന്റെ ഭാഗമായി ചിത്രരചന, ഉപന്യാസ രചന, പ്രോജക്റ്റ് അവതരണം എന്നിവയിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിൽ വിജയികളാകുന്നവർക്ക് സർട്ടിഫിക്കറ്റുകളും പുസ്തകങ്ങളും ട്രോഫികളും സമ്മാനമായി നൽകുന്നു. കൂടാതെ പരിസ്ഥിതി സംരക്ഷണത്തിലും ജൈവവൈവിധ്യ പോഷണത്തിലും മികച്ചുനിൽക്കുന്ന സ്കൂളുകൾക്ക് എല്ലാ വർഷവും സംസ്ഥാന ജൈവവൈവിധ്യ അവാർഡ് നൽകിവരുന്നു. പരിസ്ഥിതി പ്രവർത്തനങ്ങളിലെ സജീവ പങ്കാളിത്തം, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ക്യാമ്പസിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവയാണ് ഇതിനുള്ള മാനദണ്ഡം. സംസ്ഥാന ജൈവവൈവിധ്യ ബോർഡ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് മുഖേന കോളേജുകളിൽ പരിസ്ഥിതി ക്ലബ്ബുകൾ സ്ഥാപിച്ച് പാരിസ്ഥിതിക അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ഭൂമിത്രസേന എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത ക്ലബ്ബുകളിൽ മികച്ച പ്രവർത്തനം നടത്തുന്നവർക്ക് സംസ്ഥാന തലത്തിൽ അവാർഡും നൽകുന്നു. |

(contd.......2.....)

(ബി) ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ;

(ബി) ഉണ്ട്. ബഡ്ജറ്റ് വിഹിതം ഈ പദ്ധതിയ്ക്കായി വിനിയോഗിക്കുന്നുണ്ട്. കേന്ദ്രസഹായം ലഭിക്കുന്നില്ല.

(സി) എല്ലാ വിദ്യാലയങ്ങളിലും ശുദ്ധജലം, ടോയ് ലറ്റ് സൗകര്യം, കാര്യക്ഷമമായ മാലിന്യ നിർമ്മാർജനം എന്നിവ പരിസ്ഥിതി അവാർഡ് നിർണ്ണയത്തിൽ നിഷ്കർഷിക്കാൻ വ്യവസ്ഥ ഉണ്ടാക്കുമോ; വിശദാംശം നൽകുമോ ?

(സി) വ്യവസ്ഥകൾ സംബന്ധിച്ച കാര്യങ്ങൾ ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിച്ച് മാത്രമേ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ